തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

195 [1635] ശ്രീ. ബിനോയ് വിശ്വം :

,, എൻ. രാജൻ :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണവകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ ?

ഉത്തരം

തദ്ദേശ ഭരണസ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗരേഖ 31-3-2004-ലെ ജി. ഒ. (എംഎസ്.) 40/2004/പ്ലാനിംഗ് എന്ന സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്.

2005-06 വാർഷികപദ്ധതി തയ്യാറാക്കുന്നതിനായി അധിക മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുള്ള മാർഗ്ഗരേഖയ്ക്ക് നിർദ്ദേശിക്കുന്ന ഭേദഗതികളും ചേർത്ത് 16-12-2004-ലെ ജി.ഒ. (എം.എസ്.) നമ്പർ 85/2004/പ്ലാനിംഗ് എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പെരുമണ്ണ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ അഴിമതി

196 [1640] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ വെളിപ്പെടുത്താമോ ;

(സി) കുറ്റക്കാർക്കെതിരെ എടുത്ത നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ആന്റ് (സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly